# സമാജശക്തിയിലൂടെ രാഷ്ട്രപുനരുത്ഥാനം



# സമാജശക്തിയിലൂടെ രാഷ്ട്രപുനരുത്ഥാനം

**രാഷ്ട്രീയ സ്വയംസേവക സംഘം - കേരളം**



### 2022 ഒക്ടോബർ 5 ന് നാഗ്പൂരിൽ നടന്ന വിജയദശമി മഹോത്സവത്തിൽ


## പരംപൂജനീയ സർസംഘചാലക്

# ഡോ. മോഹൻജി ഭാഗവത്

## നടത്തിയ ബൗദ്ധിക്ക്

ഇന്നത്തെ പരിപാടിയുടെ മുഖ്യാതിഥി ആദരണീയ ശ്രീമതി സന്തോഷ് യാദവ്, വേദിയിൽ ഉപവിഷ്ടരാ യിരിക്കുന്ന വിദർഭ പ്രാന്ത സംഘചാലക്, നാഗ്പൂർ നഗർ സംഘചാലക്, നാഗ്പൂർ നഗർ സഹസംഘചാലക്, മറ്റ് അധികാരികളെ, നഗരത്തിലെ പ്രമുഖവ്യക്തികളെ, അമ്മമാരെ സഹോദരിമാരെ, പ്രിയ സ്വയംസേവക ബന്ധുക്കളെ,

ഒമ്പതുരാത്രിയിലെ ശക്തിപൂജയ്ക്കുശേഷം ആശ്വിന ശുക്ലദശമിദിനത്തിൽ എല്ലാ വർഷത്തേയുംപോലെ വിജയദശമി ആഘോഷിക്കുന്നതിന്നാണ് നാം ഇവിടെ ഒത്തുചേർന്നിട്ടുള്ളത്. ശക്തിശാലിയായ ജഗദ്ജനനിയാണ് ശുദ്ധസങ്കല്പങ്ങളുടെ പൂർത്തീകരണത്തിനുള്ള അടിത്തറ. ശാന്തിയും സമാധാനവും എല്ലായിടത്തും പുലരുവാൻ ശക്തി അനിവാര്യമാണ്. ശക്തി ശാന്തിയുടെയും ആധാരമാണ്. ശുഭകാര്യങ്ങൾ ചെയ്യണമെ



ങ്കിലും ശക്തി ആവശ്യമാണ്. സാധനയിലൂടെ ശക്തി ആർജിക്കണം. കാരണം സാധന മുക്തിയുടെ കവാടമാണ്. സന്ദർഭവശാൽ ഇന്നത്തെ മുഖ്യാതിഥി ശ്രീമതി സന്തോഷ് യാദവ് അത്തരം ശക്തിയുടെ, ചൈതന്യത്തിന്റെ പ്രതിനിധിയാണ്. അവർ രണ്ടുതവണ ഗൗരീശങ്കരം കയറിയ വ്യക്തിയാണ്.

## മാതൃശക്തിയുടെ പങ്കാളിത്തം വർദ്ധിക്കണം

വിജയദശമിനാളിൽ പ്രബുദ്ധരും ജീവിതവിജയം നേടിയവരുമായ മഹിളകളെ അതിഥികളായി വിളിക്കുന്നതിന് ഏറെ പഴക്കമുണ്ട്. ഡോക്ടർജിയുടെ കാലം മുതലുണ്ട്. അനസൂയാബായി കേലെ അക്കാലത്താണ് നമ്മുടെ പരിപാടിയിൽ മുഖ്യാതിഥിയായത്. ഭാരതീയ മഹിളാ പരിഷത്തിന്റെ അന്നത്തെ അധ്യക്ഷ രാജ്കുമാരി അമൃത് കൗർ ഇവിടെ ശിബിരത്തിൽ മുഖ്യാതിഥിയായി എത്തി. അടിയന്തരാവസ്ഥയ്ക്ക് ശേഷം അകോലയിൽ നടന്ന സംഘ ഉത്സവത്തിൽ മുക്തായ് രഹാകർ പങ്കെടുത്തു. ആ സമയത്ത് ഞാൻ അവിടെ പ്രചാരകനായിരുന്നു.

വ്യക്തിനിർമ്മാണം എന്ന ശാഖാപദ്ധതി പുരുഷന്മാർക്ക് പ്രത്യേകം സംഘശാഖകളിലും സ്ത്രീകൾക്ക് രാഷ്ട്ര സേവികാ സമിതി ശാഖകളിലും നടക്കുന്നു. ബാക്കി എല്ലാ പ്രവർത്തനത്തിലും സംഘത്തിൽ സ്ത്രീ-പുരുഷന്മാർ ഒരുമിച്ചാണ് പ്രയത്നിക്കുന്നത്. ഭാരതീയപാരമ്പര്യപ്രകാരം സ്ത്രീ-പുരുഷന്മാർ പരസ്പര പൂരകമാണ്. എന്നാൽ പിന്നീട് ഇത് നാം മറന്നു. മാതൃശക്തിയെ പരിമിതപ്പെടുത്തി. നിരന്തരമായ വൈദേശികാക്രമണം ഇതിന് ന്യായീകരണം നൽകി. പിന്നീടത് ഒരു സ്വഭാവമായി മാറി. ദേശീയ പുനരുത്ഥാനത്തിന്റെ അരുണകിരണങ്ങൾ ഉയർന്നപ്പോൾ തന്നെ മഹാത്മാക്കളായ നമ്മുടെ ദേശീയ നേതാക്കൾ ഈ മനഃസ്ഥിതിയെ തള്ളിക്കളഞ്ഞു. സ്ത്രീകളെ രണ്ട് വിധത്തിലാണ് കരുതിയിരുന്നത്. ഒന്ന് അവരെ ദൈവീകതയുടെ പ്രതീകമായി കണക്കാക്കി പൂജാവിഗ്രഹങ്ങളാക്കി മാറ്റി. മറ്റേത് അവരെ അടുക്കളയിൽ തളച്ചിടുക എന്നതായിരുന്നു. ഇത് രണ്ടും ഉപേക്ഷിക്കണം.

മാതൃശക്തിയെ തുല്യതയുടെ അടിസ്ഥാനത്തിൽ കാണണം. സ്ത്രീകളെ സമൂഹത്തിലെ രണ്ടാംകിട പൗരന്മാരാക്കരുത്. പകരം ജീവിതത്തിന്റെ എല്ലാ മേഖലകളിലും തീരുമാനങ്ങൾ എടുക്കുന്നതടക്കം എല്ലാ കാര്യങ്ങളിലും തുല്യപങ്കാളിത്തം നൽകണം. സ്ത്രീകൾക്ക് പുരോഗതിയും ശാക്തീകരണവും വേണം. തുല്യതയുടെ അടിസ്ഥാനത്തിൽ ജീവിതത്തിന്റെ എല്ലാ തുറകളിലും പങ്കാളിത്തം ആവശ്യമാണ്. വലിയ പരീക്ഷണങ്ങൾക്കുശേഷം വ്യക്തിവാദികളും സ്ത്രീപക്ഷവാദികളും ഈ ദിശയിലേയ്ക്ക് തിരിഞ്ഞു കൊണ്ടിരിക്കുന്നു. ഭാരതത്തിലെ സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ വിവിധ മഹിളാസംഘടനകൾ ചേർന്ന് 2017 ൽ വിപുലമായ ഒരു സർവ്വേ നടത്തി. സർവ്വേയുടെ കണ്ടെത്തലുകൾ സർക്കാരിലെ പ്രമുഖ വ്യക്തികൾക്ക് എത്തിച്ചു കൊടുക്കുകയും ചെയ്തു. ആ സർവ്വേയിലെ കണ്ടെത്തലുകൾ ഊന്നിപ്പറഞ്ഞത് പുരോഗതി, തുല്യത, ശാക്തീകരണം എന്നിവയിലാണ്. ഈ കണ്ടെത്തലുകൾ

അംഗീകരിക്കുന്നതി
നും നടപ്പിലാക്കുന്നതിനും ശ്രമ
ങ്ങൾ ആവശ്യമാണ്. കുടുംബ
ത്തിൽനിന്നും അത് ആരംഭിക്കണം. സംഘടിതജീവിതത്തിന്റെ എല്ലാ
തുറകളിലും അത് തുടരണം. എന്നാൽ മാത്രമേ മാതൃശക്തിക്ക് അതിന്റെ പങ്ക് വിജയപ്രദമാക്കി, രാഷ്ട്രപുനരുത്ഥാനശ്രമത്തിൽ ഒരു സംഘടിതശക്തിയായി പ്രവർത്തി
ക്കാൻ കഴിയൂ.

## ദേശീയപുനരുത്ഥാനം തടസ്സപ്പെടരുത്

സാധാരണജനങ്ങൾക്ക് ദേശീയ
പുനരുത്ഥാനം ഇന്ന് അനുഭവവേ
ദ്യമാണ്. നമ്മുടെ പ്രിയഭാരതം ശക്തി യുടേയും സ്വഭാവമഹി
മയുടേയും കാര്യത്തിൽ അന്താരാ
ഷ്ട്രസമൂഹത്തിൽ അംഗീകാരം നേ
ടുന്നത് നമ്മെയെല്ലാം അഭിമാനവും ആനന്ദവും ഉള്ളവരാക്കി മാറ്റുന്നു. രാഷ്ട്രത്തെ സ്വയംപര്യാപ്തതയി
ലേക്ക് നയിക്കാ
നാവശ്യമായ നയങ്ങൾ സർക്കാർ ആവിഷ്കരിക്കുന്നു. സുരക്ഷ
യുടെ കാര്യത്തിലും നാം കൂടുതൽ സ്വയംപര്യാപ്തമായിക്കൊണ്ടിരിക്കു
ന്നു. അന്താരാഷ്ട്രസമൂഹത്തിൽ ഭാരതത്തിന്റെ പ്രാധാന്യമേറെ
വർദ്ധിച്ചിരിക്കുന്നു. കൊറോണ
മഹാവ്യാധിക്കുശേഷം സാമ്പത്തി
കരംഗം പൂർവ്വസ്ഥിതിയിലേയ്ക്ക് മടങ്ങിവന്നുകൊണ്ടിരിക്കുന്നു. കർത്തവ്യപഥിന്റെ ഉദ്ഘാടന
വേളയിൽ ആധുനികഭാരതത്തിന്റെ ഭാവി സാമ്പത്തികമേഖല, സാങ്കേ
തികമേഖല, സാംസ്ക്കാരികഅടി
ത്തറ എന്നിവയെ ആധാരമാക്കിയാ
ണെന്ന് പ്രധാനമന്ത്രി ദേശത്തോട് പറഞ്ഞത് നിങ്ങൾ കേട്ടിരിക്കും.

കൃത്യമായി കാര്യങ്ങൾ മനസ്സി
ലാക്കി പ്രവർത്തിക്കുന്നതിന് സർക്കാർ അനുമോദനം അർഹിക്കു
ന്നു. എന്നാൽ നാമോരോരുത്തരും അവരവരുടെ കഴിവുകളും വാക്കും പ്രവൃത്തിയും ഈ ദിശയിൽ നടത്തേണ്ടതുണ്ട്. ആത്മനിർഭരഭാര
തത്തിന്റെ പാതയിൽ മുന്നോട്ടുപോ
കുവാൻ നാമോരോരുത്തരും ദേശീ
യഅടിത്തറയെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കണം. സർക്കാരും ഭരണ
യന്ത്രവും കൃത്യമായി ഇക്കാര്യങ്ങൾ ഉൾക്കൊള്ളുകയും മനസ്സിലാക്കു
കയും സമൂഹത്തോടൊപ്പം ഇക്കാ
ര്യങ്ങൾ തിരിച്ചറിയുകയും ചെയ്യുക എന്നത് ഇതിനുള്ള മുന്നുപാ
ധിയാണ്. കാലവും സാഹചര്യവും അനുസരിച്ച് വഴക്കം ആവശ്യമാ
ണ്. അത്തരം അവസരങ്ങളിൽ പ
രസ്പരബന്ധം, പരസ്പരവിശ്വാസം എന്നീ മനോഭാവം പ്രകടമാക്കാനു
മാകണം. ആശയപരമായ വ്യക്തത, ഏകാത്മകമായ ലക്ഷ്യം, ദൃഢനി
ശ്ചയം, പൊരുത്തപ്പെടുത്താനുള്ള കഴിവ് എന്നിവ
പിഴവുകൾ തിരുത്തി മുന്നേറാ
നുള്ള വഴിയൊരുക്കും. സർക്കാരും ഭരണസംവിധാനവും വിവിധ രാ
ഷ്ട്രീയപ്രസ്ഥാനങ്ങളും നേതാക്കളും സമൂഹത്തിലെ വിഭാഗങ്ങളുമെല്ലാം വ്യത്യസ്ത നിലപാടുകളിലൂന്നി
നിൽക്കെത്തന്നെ കടമകളുടെ
നിർവഹണത്തിൽ ഒരുമിക്കുമ്പോൾ രാഷ്ട്രം പുരോഗതിയുടെയും വിക
സനത്തിന്റെയും പാതയിൽ അതി
വേഗം കുതിക്കുന്നു. സർക്കാരും ഭരണസംവിധാനങ്ങളും രാഷ്ട്രീ
യനേതാക്കളും സ്വന്തം കടമകൾ മികച്ച രീതിയിൽ നിർവഹിക്കുന്ന
തോടൊപ്പം സമാജവും അതിന്റെ ഉത്തരവാദിത്തങ്ങൾ കൃത്യമായി നിറവേറ്റേണ്ടതുണ്ട്.

ദേശീയപുനരുത്ഥാനം തടസ്സ

ങ്ങളെ അതിജീവിക്കാൻ ആഹ്വാനം ചെയ്യുന്നു. ആദ്യത്തെ തടസ്സം യാഥാസ്ഥിതികവാദമാണ്. മനുഷ്യന്റെ അറിവിന്റെ അടിത്തറ കാലത്തിനനുസരിച്ച് വികസിക്കുന്നു. കാലം ചെല്ലുമ്പോൾ ചിലത് മാറുന്നു, മറ്റ് ചിലത് മറയുന്നു.

പുതിയ വസ്തുതകളും സാഹചര്യങ്ങളും ഉയരുന്നു. അതുകൊണ്ട് പുതിയ ഏതാശയവും പാരമ്പര്യവും നിലവിലുള്ള യാഥാർത്ഥ്യങ്ങളുമായി ചേർന്നുപോകുംവിധം സന്തുലിതമായിരിക്കണം. കാലഹരണപ്പെട്ടവയെ തള്ളിക്കളയണം. രാഷ്ട്രത്തോടും കാലത്തോടും യോജിച്ചുപോകുന്ന പുതിയ പാരമ്പര്യങ്ങൾക്ക് രൂപം നൽകണം. അതേസമയം നമ്മുടെ തനിമ, സംസ്കാരം, ജീവിതമൂല്യങ്ങൾ ഇവയുമായി അലിഞ്ഞുചേർന്നിട്ടുള്ള മൂല്യങ്ങളെ ശ്രദ്ധാപൂർവ്വം രക്ഷിക്കുകയും വേണം. അവയെ ഇളക്കമില്ലാതെ നോക്കണം. അവയിലുള്ള വിശ്വാസവും അവയുടെ അനുഷ്ഠാനവും മുമ്പുണ്ടായിരുന്നതുപോലെ നിലനിൽക്കുന്നു എന്നുറപ്പുവരുത്തുകയും വേണം.

## രാഷ്ട്രവിരുദ്ധശക്തികളെ നിലയ്ക്ക് നിർത്തണം

രണ്ടാമത് തടസ്സമുണ്ടാകുന്നത് ഭാരതത്തിന്റെ ഐക്യത്തിനും വികസനത്തിനും എതിരായ ശക്തികളിൽ നിന്നാണ്. തെറ്റിദ്ധാരണകൾ പരത്തുന്നതിന് തെറ്റായതും കളവായതുമായ വാർത്തകൾ പ്രചരിപ്പിക്കുക, ക്രിമിനൽ നടപടികളിൽ ഏർപ്പെടുകയും അതിന് പ്രേരിപ്പിക്കുകയും ചെയ്യുക, ഭീകരതയെ സമൂഹത്തിനു ള്ളിൽ വളർത്തുക എന്നതെല്ലാമാണ് അവരുടെ തന്ത്രങ്ങൾ. നാമിന്ന് അത് അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഈ ശക്തികൾ സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽ വിഭാഗീയത, സ്വാർത്ഥ താത്പര്യം, വെറുപ്പ്, വിദ്വേഷം എന്നിവ വളർത്തുക തുടങ്ങിയ പ്രവൃത്തികൾ ആണ് അനുവർത്തിച്ചുപോരുന്നത്. അവരുടെ ദുഷ്ടലാക്കോടെയുള്ള ചതിക്കുഴികളിൽ പെടാതെ നോക്കുകയും അവരുടെ ഭാഷയോ മതമോ പ്രദേശമോ നിലപാടുകളോ പരിഗണിക്കാതെ ധീരമായി വിട്ടുവീഴ്ചയില്ലാതെ എതിർക്കുകയും

പുറന്തള്ളുകയും വേണം. സർക്കാരും സർക്കാർ സംവിധാനങ്ങളും ഈ ശക്തികളെ നിലയ്ക്ക് നിർത്താൻ നടത്തുന്ന ശ്രമങ്ങൾക്ക് നമ്മുടെ സമൂഹം സഹായഹസ്തം നീട്ടണം. നമ്മുടെ സമാജത്തിന്റെ ശക്തിയും ഭാവാത്മകമായ സഹകരണവും കൊണ്ട് മാത്രമേ സമ്പൂർണ്ണസുരക്ഷിതത്വവും ഐക്യവും ഉറപ്പുവരുത്താനാകൂ. സമൂഹത്തിന്റെ ശക്തമായ ഇടപെടലില്ലാതെ മഹത്തായ ഒരു പ്രവർത്തനമോ പരിവർത്തനമോ സ്ഥിരവും വിജയിക്കുന്നതുമായി നിലനിൽക്കില്ല എന്നത് ലോകം മുഴുവനുമുള്ള അനുഭവമാണ്. ഒരു നല്ല വ്യവസ്ഥ പോലും ജനങ്ങൾ അംഗീകരിച്ചില്ലെങ്കിൽ, അവർ അതിന് തയ്യാറല്ലെങ്കിൽ നടപ്പാക്കാൻ സാദ്ധ്യമല്ല.

## മാതൃഭാഷയിലെ വിദ്യാഭ്യാസം അനിവാര്യം

ലോകം മുഴുവൻ മഹത്തും ദീർഘകാലീനവുമായ പരിവർത്തനങ്ങൾ സംഭവിക്കുംമുമ്പ് സാമാജിക ഉണർവ്വുണ്ടായിട്ടുണ്ട്. അതേപി

ൻതുടർന്ന് വ്യവസ്ഥാപി
തവും ഭരണപരവുമായ മാറ്റങ്ങളും ഉണ്ടായിട്ടുണ്ട്. മാതൃഭാഷയിലുള്ള വിദ്യാഭ്യാസം നയമെന്ന നിലയിൽ ഏറെ അംഗീകരിക്കപ്പെട്ടതാണ്. ആ ദിശയിലാണ് പുതിയ വിദ്യാഭ്യാസന യം (National Education Policy-NEP) സർക്കാർ രൂപപ്പെടുത്തിയിട്ടു ള്ളത്. പക്ഷെ രക്ഷിതാക്കൾ തങ്ങ ളുടെ മക്കളെ മാതൃഭാഷയിൽ പ ഠിപ്പിക്കാൻ ആഗ്രഹിക്കുന്നുണ്ടോ? അതോ സ്ഥിരം പല്ലവികൾ – സാമ്പ ത്തികലാഭം, ജോലിസാദ്ധ്യത (അതിന് വിദ്യാഭ്യാസമല്ല മറിച്ച് സംരംഭകത്വം, ധൈര്യം, അറിവ് ഇവയാണാവശ്യം) തുടങ്ങിയ മരീചികകൾക്ക്
പിന്നാലെ പോകുകയാണോ? തങ്ങ ളുടെ മക്കൾ അന്ധമായ ഈ മത്സര യോട്ടത്തിൽ പെടണം എന്നാണോ ആഗ്രഹിക്കുന്നത്? നമ്മൾ മാതൃഭാ ഷയിൽ വിദ്യാഭ്യാസം പ്രോത്സാഹി പ്പിക്കണം. നമ്മുടെ വീട്ടുപേര് മാതൃ ഭാഷയിലാണോ വീടിനുമുന്നിൽ പ തിക്കുന്നത്? നാം നമ്മുടെ ഒപ്പ് മാതൃ ഭാഷയിലാണോ ഇടുന്നത്? വീട്ടാവശ്യ ങ്ങൾക്കായുള്ള ക്ഷണപത്രം മാതൃ ഭാഷയിലാണോ തയ്യാറാക്കുന്നത്? ഇത്തരം കാര്യങ്ങളും ചിന്തിക്കണം.

പുതിയ വിദ്യാഭ്യാസനയം
വിദ്യാർത്ഥികളെ സംസ്കാരസമ്പ ന്നരും നല്ല മനുഷ്യരും ദേശസ്നേ ഹമുള്ളവരും ആക്കണമെന്നതാണ് എല്ലാവരുടെയും ആഗ്രഹം. എന്നാൽ വിദ്യാസമ്പന്നരും ബുദ്ധിമാന്മാരുമായ രക്ഷിതാക്കൾ തങ്ങളുടെ മക്കളെ സ്കൂളുകളിലേയ്ക്കും സർവ്വകലാശാ ലകളിലേയ്ക്കും അയയ്ക്കുമ്പോൾ ഈ ലക്ഷ്യത്തെക്കുറിച്ചും ബോധവാ ന്മാരാണോ? വിദ്യാഭ്യാസം ക്ലാസ്മുറി കളിൽ മാത്രമല്ല പകർന്നുകിട്ടുന്നത്. സംസ്കാരസമ്പന്നമായ ഗൃഹാന്ത രീക്ഷം, രക്ഷിതാക്കളുടെ ഉത്തര വാദിത്തനിർവഹണം, പെരുമാറ്റം, സാമൂഹത്തിലെ ഇടപഴകൽ, അച്ചട ക്കം, ഇവയോടൊപ്പം സമൂഹത്തിൽ സ്വാധീനമുള്ള വ്യക്തികൾ, പൊ തുപ്രവർത്തകർ, നേതാക്കൾ, ഉത്സ വങ്ങൾ, ഒത്തുചേരലുകൾ തുടങ്ങിയ വയ്ക്കെല്ലാം ഇക്കാര്യത്തിൽ വലിയ പങ്ക് വഹിക്കാനുണ്ട്. ഇക്കാര്യങ്ങളിൽ എത്രമാത്രം ശ്രദ്ധ നാം പുലർത്തുന്നു ണ്ട്. ഇത്തരം കാര്യങ്ങളിൽ ഇടപെ ടാത്ത സ്കൂൾ വിദ്യാഭ്യാസം കൊണ്ടു മാത്രം പ്രയോജനമില്ല.

## സമഗ്രചികിത്സാരീതി രൂപപ്പെടണം

വിവിധ ചികിത്സാസമ്പ്രദായങ്ങൾ ചേർത്ത് ഒരു ചികിത്സാപദ്ധതിക്ക് സർക്കാർ രൂപം നൽകണമെന്നാണ് സംഘം ആഗ്രഹിക്കുന്നത്. അത്തരം ചികിത്സാസമ്പ്രദായം സാധാരണ ക്കാർക്ക് താങ്ങാനാവുന്നതും കച്ചവ ടതാത്പര്യത്തിൽനി
ന്ന് മുക്തവുമായിരിക്കണം. യോഗ, വ്യായാമം എന്നിവയ്ക്ക് സർക്കാ രിന്റെ പ്രേരണയും പിന്തുണയും വേണം. ഇത്തരം കാര്യങ്ങളിൽ തത്പരരായ അനേകമാളുകൾ ദിവ സേന ഇവയുടെ ഗുണങ്ങൾ പ്ര ചരിപ്പിക്കുന്നതിനായി ശ്രമിക്കുന്നു ണ്ട്. എന്നാൽ ജനങ്ങൾ ഇതെല്ലാം അവഗണിക്കുകയും തങ്ങളുടെ പ ഴയ സ്വഭാവരീതികൾ തുടരുകയും ചെയ്യുകയാണെങ്കിൽ പിന്നെ ‘എല്ലാ വർക്കും ആരോഗ്യം’ എന്ന ലക്ഷ്യം എങ്ങനെയാണ് കൈവരിക്കുക?

## സാമൂഹ്യസമത്വം പ്രാവർത്തികമാകണം

നമ്മുടെ ഭരണഘടന രാജനൈതി കവും സാമ്പത്തികവുമായ തുല്യത

വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും സാമാജികമായ തുല്യത ഉറപ്പു വരുത്തിയിട്ടില്ല. സാമൂഹ്യസമത്വം ഇല്ലാതെ ശരിയായതും സ്ഥിരവുമായ മാറ്റം സാധിക്കുകയില്ല. ഈ താക്കീത് ഡോ. ബാബാസാഹേബ് അംബേദ്ക്കർ തന്നെ നൽകിയിട്ടുണ്ട്. തീർച്ചയായും, ചില നിയമങ്ങൾ പിന്നീട് ഉണ്ടാക്കിയിട്ടുണ്ട്. പക്ഷെ, നമ്മുടെ സമൂഹത്തിന്റെ സ്വാഭാവിക പെരുമാറ്റം, മനഃസ്ഥിതി എന്നിവയിലാണ് സാമൂഹ്യഅസമത്വത്തിന്റെ യഥാർത്ഥകാരണം കുടികൊള്ളുന്നത്. വ്യക്തിപരവും കുടുംബങ്ങൾ തമ്മിലും ഉള്ള പരസ്പരസൗഹൃദം, അനായാസവും അനൗപചാരികവുമായ ഇടപഴകലുകൾ, ആശയവിനിമയം, പരസ്പരം കൂടിച്ചേരലുകൾ എന്നിവ സ്വാഭാവികമായ രീതിയിൽ നടപ്പാകണം. ക്ഷേത്രങ്ങൾ, ജലസ്രോതസ്സുകൾ, ശ്മശാനം എന്നിവ എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നുകൊടുക്കാത്ത കാലത്തോളം സമത്വത്തെക്കുറിച്ചുള്ള വാക്കുകൾ വെറും വീൺവാക്കുകളാകുന്നു.

## വികസനം സാമൂഹ്യ ലക്ഷ്യത്തിനാകണം

ഭരണസംവിധാനത്തിലൂടെ കൊണ്ടുവരുന്ന പരിവർത്തനങ്ങൾ ശക്തിപ്പെടുകയും ത്വരിതമാകുകയും നിലനിൽക്കുകയും ചെയ്യണമെങ്കിൽ, അത് നമ്മുടെ സാമൂഹ്യലക്ഷ്യങ്ങളെയും പെരുമാറ്റത്തെയും പ്രതിഫലിപ്പിക്കുന്നതുകൂടിയായിരിക്കണം. ഇത് നടക്കുന്നില്ലെങ്കിൽ പരിവർത്തനത്തിന്റെ ഗതി തടസ്സപ്പെടുകയും നമ്മുടെ സാമൂഹ്യലക്ഷ്യം ഫലപ്രാപ്തിയിലെത്താതാകുകയും ചെയ്യുന്നു. അതുകൊണ്ട് മനസ്സുകളെ തയ്യാറാക്കണം എന്നത് അനിവാര്യമായ മുന്നുപാധിയാണ്. അങ്ങനെ വികസനം നേടണമെങ്കിൽ, ചൂഷണമനോഭാവത്തെയും ഉപഭോഗതത്പരതയെയും നമ്മുടെ ജീവിതത്തിൽനിന്നും സമൂഹത്തിൽനിന്നും ചിന്തയിൽനിന്നുതന്നെയും തുടച്ചുനീക്കണം.

ഭാരതം പോലെ വിപുലമായ ജനസംഖ്യയുള്ള ഒരു രാജ്യത്ത് വികസന, സാമ്പത്തികനയങ്ങൾ തൊഴിലധിഷ്ഠിതമായിരിക്കണം എന്ന പ്രതീക്ഷ സ്വാഭാവികമാണ്. തൊഴിൽ എന്നാൽ കേവലം ജോലി മാത്രമല്ല എന്ന വിവേകം നമ്മുടെ സമൂഹത്തിലുണ്ടാകേണ്ടിയിരിക്കുന്നു. ഒരു ജോലിയും അധമമോ അന്തസ്സില്ലാത്തതോ അല്ല. ശാരീരികവും സാമ്പത്തികവും ബുദ്ധിപരവുമായ ഏത് തൊഴിലും ബഹുമാനിക്കപ്പെടേണ്ടതാണ്. ഇത് നാം അംഗീകരിക്കുകയും അതനുസരിച്ച് ജീവിക്കുകയും വേണം. സംരംഭക ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കണം. ജില്ലതോറും വികേന്ദ്രീകൃത തൊഴിൽപരിശീലനകേന്ദ്രങ്ങൾ, സ്വന്തം ജില്ലയിൽ തൊഴിൽ സാദ്ധ്യത, ഗ്രാമങ്ങളിൽ വികസനപരിപാടികൾ എന്നിവയോടൊപ്പം വിദ്യാഭ്യാസം, ആരോഗ്യം, യാത്രാസൗ കര്യം ഇതെല്ലാമാണ് സർക്കാരിൽനിന്നും പ്രതീക്ഷിക്കുന്നത്. എന്നാൽ സംഘടിതസമാജശക്തിക്കും വലിയ നേട്ടങ്ങളുണ്ടാക്കാൻ കഴിയും എന്ന് കോവിഡ് മഹാമാരിക്കാലത്തെ സന്നദ്ധസേവകർക്ക് ബോദ്ധ്യപ്പെട്ടു. സാമ്പത്തികമേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾ, കരകൗശല മേഖലയിലെ വിദഗ്ധർ, ചെറുകിട സംരംഭകർ, ചില ധനികർ എന്നിവർ സ്വദേശി ജാഗരൺ മഞ്ചുമായിച്ചേർന്ന് 275 ജില്ലകളിൽ

ഇത്തരം പ്രോജക്ടുകൾ തുടങ്ങി. അതിപ്പോഴും ആരംഭദശയിലാണ്. എങ്കിലും തൊഴിൽ സാധ്യത നിർണ്ണായകമായി വർദ്ധിപ്പിക്കാനുള്ള പ്രേരണയുണ്ടാക്കാനായി.

## സമഗ്രമായ ജനസംഖ്യാനയം വേണം

രാഷ്ട്രജീവിതത്തിലെ സർവ്വമേഖലകളിലും സാമൂഹ്യപങ്കാളിത്തം ഉറപ്പുവരുത്താൻ ശ്രമിക്കുന്നത് സർക്കാരിനെ ഭരണത്തിന്റെ ഉത്തരവാദിത്വത്തിൽനിന്നും മോചിപ്പിക്കാനല്ല. മറിച്ച് ദേശീയമായ ഉയർച്ചയിൽ സാമൂഹ്യമായ പങ്കാളിത്തത്തെ ഉറപ്പിച്ചു പറയാനും ആ ദിശയിൽ കൃത്യമായ നയങ്ങൾ രൂപീകരിക്കുന്നതിനും വേണ്ടിയാണ്. നമ്മുടെ നാട്ടിൽ വലിയ അളവിൽ ജനസംഖ്യ ഉണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ഇക്കാലത്ത് ജനസംഖ്യക്കുറിച്ചുള്ള രണ്ടു പ്രധാന ചിന്താഗതികളുണ്ട്. ഒന്നാമത്തേത് ജനസംഖ്യ വർദ്ധിക്കുന്നതോടൊപ്പം വിഭവങ്ങളും ആവശ്യമാണ് എന്നതാണ്. ജനസംഖ്യ തുടർച്ചയായി വർദ്ധിച്ചാൽ ഒരു പക്ഷെ താങ്ങാനാവാത്ത ബാധ്യതയായിത്തീർന്നേക്കാം. അതുകൊണ്ട് ജനസംഖ്യാനിയന്ത്രണത്തിൽ ലക്ഷ്യം വെച്ചുകൊണ്ട് പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. മറ്റൊരു വീക്ഷണം ജനസംഖ്യയെ ഒരു സമ്പത്തായി കണക്കാക്കാമെന്നതാണ്. ശ്രദ്ധ ശരിയായ പരിശീലനത്തിലും വിനിയോഗത്തിലുമാവണമെന്ന് മാത്രം. ലോകജനസംഖ്യയെ നോക്കുമ്പോൾ ഒരുകാര്യം ശ്രദ്ധയിൽ പെടുന്നു. നമ്മിലേയ്ക്ക് നോക്കുമ്പോൾ അതിൽ മാറ്റമുണ്ട്. ചൈന അതിന്റെ ജനസംഖ്യാനിയന്ത്രണനയം മാറ്റി, ജനസംഖ്യാവളർച്ച സ്വീകരിച്ചു. ജനസംഖ്യയുടെ കാര്യത്തിലും നമ്മുടെ ദേശീയതാത്പര്യങ്ങൾ ജനസംഖ്യാനയത്തെ സ്വാധീനിക്കുന്നു. ഇന്ന് നാം ലോകത്തെ ഏറ്റവും പ്രായം കുറഞ്ഞ രാജ്യമാണ്. 50 വർഷം കഴിയുമ്പോൾ ഇന്നത്തെ യുവാക്കൾ മുതിർന്ന പൗരന്മാരാകും. അക്കാലത്ത് അവരെ നോക്കാൻ എത്ര യുവാക്കൾ ആവശ്യമായി വരുമെന്ന കണക്കെടുക്കേണ്ടിവരും. പ്രയത്നത്താൽ, ആളുകൾ ഒരു രാജ്യത്തെ മഹത്തരമാക്കുന്നു, അവർ അവരുടെ കുടുംബത്തെയും സമാജത്തെയും മുന്നോട്ട് കൊണ്ടുപോകുന്നു. ജനസംഖ്യ നിലനിർത്താനും രക്ഷിക്കാനും കഴിയുന്നു എന്നതോടൊപ്പം ദേശീയതനിമയ്ക്കും സുരക്ഷിതത്വത്തിനും ഇത് പ്രസക്തമാണ്. മറ്റ് ചില മേഖലകളെ കൂടി സ്പർശിക്കുന്നതാണ് ഇത്.

കുട്ടികളുടെ എണ്ണം വിദ്യാഭ്യാസം, ഗർഭകാലത്തെ ആരോഗ്യം, സാമ്പത്തികനില, വ്യക്തിവരുമാനം, ആഗ്രഹം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. അതും കുടുംബത്തിന്റെ ആവശ്യങ്ങളെ ആശ്രയിക്കുന്നു. പരിസ്ഥിതിയെയും ജനസംഖ്യ ബാധിക്കുന്നു.

## ജനസംഖ്യാവർദ്ധനവ് സന്തുലിതമാകണം

ചുരുക്കത്തിൽ ഇക്കാര്യങ്ങളെല്ലാം മനസ്സിൽ വെച്ചുകൊണ്ടുവേണം ജനസംഖ്യാനയം രൂപീകരിക്കാൻ അത് എല്ലാവർക്കും ബാധകമായിരിക്കണം. മനസ്സിനെ തയ്യാറാക്കുന്നതിനും ഈ നയത്തെ പൂർണ്ണമായി പാലിക്കുന്നതിനും പൊതുജനബോധവൽക്കരണം ആവശ്യമാണ്.

അപ്പോൾ മാത്രമേ ജനസംഖ്യ സംബന്ധിച്ച നിയമങ്ങൾ ഫലം നൽകുകയുള്ളൂ. 2000-മാണ്ടിൽ ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്ത് ഒരു ജനസംഖ്യാനയം പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെ പ്രധാനലക്ഷ്യം പ്രജനനനിരക്ക് (Total Fertility Rate- TFR) 2.1 ആക്കുകയെന്നതായിരുന്നു.

അഞ്ചുവർഷത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്ന NFHS റിപ്പോർട്ട് 2022 ൽ പുറത്തുവന്നു. സമൂഹബോധവൽക്കരണവും കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ സഹകരണവും മൂലം പ്രജനനനിരക്ക് ലക്ഷ്യത്തിനും താഴെയായി. 2.1 നിന്നും 2.0. ജനബോധവൽക്കരണത്തിലും ലക്ഷ്യം നേടുന്നതിലും നാം വിജയിക്കുമ്പോൾത്തന്നെ രണ്ട് പ്രശ്നങ്ങൾ നമ്മുടെ പരിഗണനയ്ക്കായി മുന്നോട്ടുവന്നിട്ടുണ്ട്. തീരെ ചെറിയ (അൾട്രാ ന്യൂക്ലിയർ) കുടുംബത്തിൽ ബാലികാബാലന്മാരുടെ ശരിയായ വികാസം, കുടുംബസുരക്ഷിതത്വം, സാമൂഹ്യസമ്മർദ്ദം, ഏകാന്തത (ഒറ്റപ്പെടൽ) തുടങ്ങി അനേകം വെല്ലുവിളികൾ നേരിടുന്നുണ്ട് എന്നാണ് സാമൂഹ്യശാസ്ത്രജ്ഞരും മാനസികാരോഗ്യവിദഗ്ധരും ചൂണ്ടിക്കാണിക്കുന്നത്. ഇത് നമ്മുടെ സമൂഹത്തിന്റെ കേന്ദ്രബിന്ദുവിൽ, കുടുംബവ്യവസ്ഥയിൽ ഒരു ചോദ്യചിഹ്നമായി നിലനിൽക്കുന്നു. മറ്റൊരു പ്രധാന പ്രശ്നം ജനസംഖ്യയിലുണ്ടാകുന്ന സാമൂഹ്യ അസന്തുലിതാവസ്ഥയാണ്. 75 വർഷം മുമ്പ് നമ്മുടെ രാജ്യത്തിൽ നാമിത് അഭിമുഖീകരിച്ചിട്ടുണ്ട്.

21-ാം നൂറ്റാണ്ടിൽ ഉണ്ടായ മൂന്ന് പുതിയ രാജ്യങ്ങൾ - കിഴക്കൻ ടിമൂർ, തെക്കൻ സുഡാൻ, കൊസോവ എന്നിവ - യഥാക്രമം ഇന്തോനേഷ്യ, സുഡാൻ, സെർബിയ എന്നീ ദേശങ്ങളിലെ ജനസംഖ്യാവ്യതിയാനത്തിൽ നിന്നുണ്ടായതാണ്. ജനസംഖ്യാനയത്തിൽ മാറ്റം വരുമ്പോഴെല്ലാം അതത് രാജ്യങ്ങളുടെ ഭൂമിശാസ്ത്രപരമായ അതിർത്തികളിൽ മാറ്റം വരുന്നുണ്ട്. അതോടൊപ്പം ജനനനിരക്കിലെ വ്യത്യാസം, ബലം പ്രയോഗിച്ചുള്ള മതംമാറ്റം, പ്രീണനവും അത്യാഗ്രഹവും, നുഴഞ്ഞുകയറ്റം എന്നിവയും വലിയ കാരണങ്ങളാണ്. ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം ചിന്തിക്കണം. ജനസംഖ്യാനിയന്ത്രണവും മതാടിസ്ഥാനത്തിലുള്ള ജനസംഖ്യാസന്തുലനവും ഈ ഘട്ടത്തിൽ അവഗണിക്കാനാവാത്ത പ്രധാന വിഷയങ്ങളാണ്.

## ദേശീയതാത്പര്യം പ്രധാനം

ജനാധിപത്യവ്യവസ്ഥയിൽ ജനങ്ങളിൽ നിന്നുള്ള സഹകരണസന്നദ്ധതയുടെ പ്രാധാന്യം എല്ലാവർക്കും അറിവുള്ളതാണ്. നിയമങ്ങൾ ഉണ്ടാക്കുക, സ്വീകരിക്കുക, ലക്ഷ്യം കൈവരിക്കുക എന്നിവ സംഭവിക്കുന്നത് ഇതുമൂലമാണ്. വേഗത്തിൽ ഫലം നൽകുന്നവ, കാലക്രമേണ ഫലം നൽകുന്നവ, അവനവന്റെ കാര്യം നേടുന്നതിനുള്ളവ എന്നീ തരത്തിൽ നിയമങ്ങളിൽ വിശദീകരണം നൽകേണ്ടതില്ല. പക്ഷെ ദേശീയതാത്പര്യം അല്ലെങ്കിൽ സമൂഹത്തിന്റെ ദുർബലവിഭാഗങ്ങളുടെ രക്ഷ ഇവയ്ക്കുള്ള നിയമം നടപ്പാക്കേണ്ടിവരുമ്പോൾ സ്വാർത്ഥതാത്പര്യങ്ങൾ ത്യജിച്ച് ജനങ്ങളെ പ്രേരിപ്പിക്കാൻ സമാജം ഉണർന്നിരിക്കുകയും തങ്ങളാരാണെന്നതിൽ

അവർ അഭിമാനം കൊള്ളുകയും വേണം.

## സ്വത്വം നമ്മെ ഒരുമിപ്പിക്കുന്നു

ഈ സ്വത്വം തന്നെ നമ്മെ കോർത്തിണക്കുന്നു. നമ്മുടെ പൂർവ്വപിതാക്കന്മാർ ആർജിച്ച സത്യാനുഭൂതി യുടെ ഫലമാണ ത്. 'സൃഷ്ടിയിൽ സംഭവിച്ചതും സംഭവിക്കാനിരിക്കുന്നതുമായ എല്ലാം ഇതിൽനിന്ന് മാത്രമാണ്' (സർവ യദ് ഭൂതം യച്ച ഭവ്യം) എന്നത് ശാശ്വതവും അനശ്വരവു മായ അസ്തിത്വത്തിന്റെ മൂലകാ രണമാണ്, ദൃഢനിശ്ചയത്തോടു കൂടിയ ഒരുവന്റെ പ്രത്യേകതകൾ ഉയർത്തിപ്പിടിക്കുന്നതോടൊപ്പം വൈവിധ്യങ്ങളേയും സവിശേഷത കളെയും ബഹുമാനിക്കുന്നതാണ്. ഈ പാഠം ഭാരതത്തിനുമാത്രമേ എല്ലാവർക്കും പകരാനാവൂ. എല്ലാം ഒന്നാണ്, അതുകൊണ്ട് എല്ലാ വരും യോജിച്ച് പ്രവർത്തിക്കണം. നമ്മുടെ വ്യത്യസ്തത നമ്മെ ഭിന്നി പ്പിക്കുന്നില്ല. സത്യം, കരുണ, ആഭ്യ ന്തരവും ബാഹ്യവുമായ ഹൃദയപ രിശുദ്ധി, തപസ്സ് എന്നീ നാല് നന്മകളാണ് നമ്മെ ഒരുമിപ്പിച്ച് നിർത്തുന്നത്. അതിനെയാണ് നാം ധർമ്മമെന്ന് വിളിക്കുന്നത്. ഈ തത്ത്വങ്ങളിൽ അധിഷ്ഠിതമായ സംസ്ക്കാരം നമ്മെ ഒരുമിപ്പി ക്കുന്നു. നാം ലോകം മുഴുവൻ ഒരു വീടായി കാണാൻ പ്രേരിപ്പിക്കു ന്നു. ലോകത്തിന് ധർമ്മത്തിലൂന്നി സംവാദത്തിലും ശുഭേച്ഛയിലും സമാധാനത്തിലും ഊന്നിയ ഒരു ജനജീവിതം പ്രദാനം ചെയ്യണം. 'ലോകമേ തറവാട്', 'ഈ ലോകം ഒരു വീടായി തീരട്ടെ' എന്നീ മഹത്തായ ലക്ഷ്യങ്ങൾ നമ്മെ മുന്നോട്ടുപോകുന്നതിന് പ്രേരിപ്പി ക്കുന്നു. (വസുധൈവകുടുംബകം, യത്ര വിശ്വം ഭവത്യേകനീഡം.)

നമ്മുടെ ചിരന്തനമായ ദേശീയ ജീവിതം പ്രാചീനകാലം മുതലേ ഇതേ ലക്ഷ്യത്തോടെ ഇക്കാര്യ ത്തിലാണ് ഊന്നൽ നൽകിയത്. കാലത്തിനനുസരിച്ച് രൂപം, ശൈലി, മാർഗം എന്നിവയിലേ മാറ്റമുണ്ടാകൂ. എന്നാൽ അടിസ്ഥാനം, ലക്ഷ്യം, ഉദ്ദേശ്യം എന്നിവ അതേപടി തുട രുന്നു. നമ്മുടെ എണ്ണമറ്റ ധീരന്മാർ വഹിച്ച ധൈര്യവും ത്യാഗവും അസംഖ്യം കർമ്മയോഗികളുടെ ഭഗീരഥപ്രയത്നവും ജ്ഞാനികൾ നടത്തിയ കഠിനതപസ്സും മൂലമാ ണ് തുടർച്ചയായ മുന്നേറ്റത്തിന്റെ ഈ യാത്ര തുടരാൻ സാദ്ധ്യമായത്. നമ്മുടെയെല്ലാം ജീവിതമാതൃക കളായി സ്വീകരിക്കപ്പെടാൻ അവർ യോഗ്യരാണ്. അവർ നമ്മുടെ അഭി മാനമാണ്. ഐക്യത്തോടെയുള്ള നമ്മുടെ നിലനിൽപ്പിന് പൊതുവായ പൂർവ്വികർ മറ്റൊരു അടിസ്ഥാനമാണ്.

ഇവരെല്ലാം നമ്മുടെ മാതൃഭൂ മിയുടെ അപദാനങ്ങൾ പാടി. പ്രാചീനകാലം മുതൽതന്നെ വൈവിധ്യങ്ങളെ സ്വീകരിക്കാ നുള്ള മനഃസ്ഥിതി അവർ നമ്മിൽ ഉണർത്തി. ഒന്നിച്ചൊരുമിച്ച് നടക്കുന്നതിനുള്ള മനോഭാവം വളർത്തി. അവർ ഭൗതികതയുടെ താൽക്കാലികസുഖങ്ങളിൽ ചുരുങ്ങിയില്ല. പകരം, നമുക്ക് പ്ര കാശമാനമായ സത്യവും ആത്മ ജ്ഞാനവും പ്രാപിക്കാനായി മനു ഷ്യമനസ്സിന്റെ ആഴങ്ങളിലേയ്ക്ക് അവർ ഊളിയിട്ടു. ലോകത്തെ അവർ ഒരു കുടുംബമായി കണ ക്കാക്കി. അറിവുകൾ പ്രചരിപ്പിച്ചു,

അന്തസ്സുള്ള സംസ്ക്കാരം പ്രചരിപ്പിച്ചു. നമ്മുടെ മാതൃഭൂമി, ഭാരതം മാത്രമാണ് ഇതെല്ലാം ചെയ്തത്. പ്രാചീനകാലം മുതൽ സുഖസുന്ദരവും ജലസമൃദ്ധവുമായ അരുവികളാലും പച്ചപ്പുവിരിച്ച പർവ്വതശിഖരങ്ങളാലും ശീതളമായ മന്ദമാരുതനാലും സമൃദ്ധയായ ഭാരതമാതാവ് അവളുടെ സ്വാഭാവികഅതിർത്തികൾകൊണ്ട് നമ്മെ പാലിക്കുകയും സംരക്ഷിക്കുകയും ചെയ്തു. നമ്മെ നാമെന്താണോ അതാക്കിത്തീർക്കുകയും ചെയ്തു. സമാനതകളില്ലാത്ത ഭക്തി നമ്മുടെ അവിഭക്തമാതൃഭൂമിയോട് ഉണ്ടാവുക എന്നത് നമ്മുടെ ദേശീയതയുടെ പ്രധാന തത്ത്വമാണ്.

## രാഷ്ട്രത്തിന്റെ ആത്മാവ്

പ്രാചീനകാലം മുതൽ, ഭൂമിശാസ്ത്രപരമായ വൈവിധ്യം, ഭാഷ, മതം, ജീവിതശൈലി, രാജനൈതിക -സാമൂഹ്യവൈവിധ്യങ്ങൾ എന്നിവയ്ക്കപ്പുറം ഒരു രാഷ്ട്രമെന്ന നിലയിലും സംസ്ക്കാരം, ദേശം, ജീവിത രീതി എന്നിവയിലും സമാജജീവിതം നിരന്തരവും ഇടതടവില്ലാത്തതുമായിരുന്നു. ഇതിനുള്ളിൽ വൈവിധ്യ ങ്ങൾക്കെല്ലാം അംഗീകാരം, ബഹുമാനം, സുരക്ഷ, വികസനം എന്നിവ ഉണ്ടായിരുന്നു. സങ്കുചിതമനഃസ്ഥിതി, മൗലികവാദം, അക്രമം, അഹങ്കാരം എന്നിവയൊഴികെ മറ്റൊന്നും ഒരാൾ കളയേണ്ടതുണ്ടായിരുന്നില്ല. സത്യം, കരുണ, ബാഹ്യവും ആഭ്യന്തരവുമായ ശുദ്ധി എന്നിവയുടെ സുരക്ഷിതമായ പരിശീലനം - ഇവയല്ലാതെ മറ്റൊന്നും ഒഴിച്ചുകൂടാത്ത സംസ്ക്കാരങ്ങളായി ഉണ്ടായിരുന്നില്ല. ഭാരതത്തോടുള്ള ആരാധന, തങ്ങളുടെ പൂർവ്വികരുടെ ഉജ്ജ്വലമായ ആശയങ്ങൾ, ഇന്നാടിന്റെ മഹത്തായ സംസ്കൃതി - ഇവ മൂന്നും നമ്മുടെ മാർഗത്തെ തെളിയിക്കുന്നു. ആ പാതയിൽ
നാം ഒരുമിച്ച് സ്നേഹത്തോടുകൂടി സഞ്ചരിക്കുകയും ചെയ്യുന്നു. ഇത് നമ്മുടെ രാഷ്ട്രത്തിന്റെ ആത്മാവാണ്.

രാഷ്ട്രീയ സ്വയംസേവക സംഘം സമൂഹത്തെ സംഘടിപ്പിക്കുന്നതും ഉണരാൻ ആഹ്വാനം ചെയ്യുന്നതും ഈ ഉദ്ദേശ്യത്തോടെയാണ്. ഉറച്ച സ്വരത്തിലുള്ള സംഘത്തിന്റെ ഈ ആഹ്വാനം ശ്രദ്ധിക്കാനും മനസി ലാക്കാനും ജനങ്ങൾ തയ്യാറാവുന്നുണ്ട്. സംഘത്തിനെതിരെ അറിവില്ലായ്മ, അസത്യം, വിദ്വേഷം, ഭയം, സ്വാർത്ഥത എന്നിവ മൂലം നടത്തി വന്നിരുന്ന ദുഷ്പ്രചരണങ്ങൾ പരാജയപ്പെട്ടിരിക്കുന്നു. ഭൗഗോളികമായും സാമൂഹ്യമായും സംഘത്തിന്റെ വ്യാപനമാണ് ഇതിനുകാരണം. അത് ശക്തി പ്രാപിച്ചിരിക്കുന്നു. നല്ലതാണെങ്കിൽപ്പോലും അത് കേൾക്കണമെന്നുണ്ടെങ്കിൽ ശക്തി അനിവാര്യമാണ് എന്നതാണ് ലോകത്തെ വിചിത്രമായ ഒരു വസ്തുത. ലോകത്ത് തിന്മയുടെ ശക്തികൾ ഉണ്ട്. മറ്റുള്ളവരേയും അവനവനേയും അവ യിൽനിന്നും രക്ഷിക്കാൻ നന്മയുടെ ശക്തികൾക്ക് സംഘടിതശക്തി ആവശ്യമുണ്ട്. ഇതാണ് ഹിന്ദുസംഘടനാപ്രവർത്തനം. കാരണം മേൽപ്പറഞ്ഞ ചിന്താഗതി ഹിന്ദുരാഷ്ട്രത്തിന്റെ ചിന്തയായി കണക്കാക്കണം. അതുകൊണ്ട് ആരേയും അതിൽനിന്ന് ഒഴിവാക്കാനാവില്ല. ഈ ചിന്താഗതിയിൽ വിശ്വസിക്കുന്ന - അതായത് ഹിന്ദുസമൂഹത്തെ സംഘടിപ്പിക്കുകയും

ഹിന്ദുധർമ്മത്തേയും സംസ്കൃതിയേയും സമാജത്തേയും രക്ഷിച്ച് ഈ ഹിന്ദുരാഷ്ട്രത്തിന്റെ സർവ്വതോമുഖമായ പുരോഗതി സാധ്യമാകണം എന്ന് വിശ്വസിക്കുന്ന - എല്ലാവരേയും സംഘടിപ്പിക്കണം.

## ഹിന്ദുരാഷ്ട്രം നമ്മെ ഒന്നാക്കുന്നു

ഇപ്പോൾ, സംഘത്തിന് ജനവിശ്വാസവും സ്നേഹവും ലഭിക്കുകയും സംഘം ശക്തിയാർജ്ജിക്കുകയും ചെയ്ത അവസരത്തിൽ ഹിന്ദുരാഷ്ട്രം എന്നതിന് ഗൗരവപൂർണ്ണമായി പരിഗണനന ലഭിക്കുന്നു. അനേകം ആളുകൾ ഹിന്ദുരാഷ്ട്രവുമായി യോജിക്കുന്നുവെങ്കിലും ഹിന്ദു എന്ന പ്രയോഗത്തോട് വിയോജിക്കുന്നു. അവർ മറ്റ് പദങ്ങൾ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു. നമുക്ക് അതിൽ പ്രശ്നമൊന്നുമില്ല. തത്ത്വത്തിന്റെ വ്യക്തതയ്ക്കുവേണ്ടി നമ്മൾ 'ഹിന്ദു' എന്ന പദത്തിൽ ഊന്നിനിൽക്കുന്നു.

ന്യൂനപക്ഷങ്ങൾ എന്ന് വിളിക്കപ്പെടുന്നവരിൽ ഭീതി വളർത്താൻ ഉദ്ദേശിച്ച് നമ്മളിൽനിന്ന് - സംഘടിതഹിന്ദുക്കളിൽനിന്ന് - ഭീഷണിയുണ്ടെന്ന് ചിലർ പ്രചരിപ്പിക്കുന്നു. മുമ്പ് ഇത് നടന്നിട്ടില്ല, ഇനി നടക്കാനും പോകുന്നില്ല. ഇത് സംഘത്തിന്റെയോ ഹിന്ദുക്കളുടെയോ സ്വഭാവമല്ല. ചരിത്രമതിന് സാക്ഷിയാണ്. സ്വയരക്ഷയും സുരക്ഷയും എല്ലാവരുടേയും കടമയാണ്. വിദ്വേഷപ്രചാരണം, അനീതി, അതിക്രമങ്ങൾ, ഗുണ്ടായിസം, സാമൂഹ്യവിദ്വേഷപ്രചാരണം എന്നിവ ഒഴിവാക്കപ്പെടേണ്ടതാണ്. 'ആരാലും ഭയപ്പെടാതെ, ആരേയും ഭയപ്പെടുത്താതെ' എന്ന നിലയിലുള്ള ഹിന്ദുസമൂഹമാണ് ഇന്നത്തെ ആവശ്യം. ഇതാർക്കും എതിരല്ല. സാഹോദര്യത്തിന്റെയും ശാന്തിയുടെയും സൗഹാർദ്ദത്തിന്റെയും പക്ഷത്തു നിൽക്കാൻ സംഘം ദൃഢപ്രതിജ്ഞിതമാണ്.

ന്യൂനപക്ഷങ്ങൾ എന്ന് പറയപ്പെടുന്ന വിഭാഗത്തിലെ ചില പ്രമുഖർ ഇത്തരം ആശങ്കകളോടെ നമ്മളെ സന്ദർശിക്കാറുണ്ട്. സംഘത്തിന്റെ ഭാരവാഹികളുമായി അവർ ചർച്ചകളിലും സംവാദത്തിലും ഏർപ്പെടാറുമുണ്ട്. അത് തുടരുകയും ചെയ്യും. ഭാരതവർഷം പൗരാണികമായ ഒരു രാഷ്ട്രമാണ്. ഒരൊറ്റ രാഷ്ട്രമാണ്. അതിന്റെ തനിമയെയും പാരമ്പര്യസ്രോതസ്സുകളെയും രക്ഷിക്കണമെന്നതോടൊപ്പം ഓരോരുത്തരുടേയും സവിശേഷതയും നിലനിർത്തുക. നാമൊന്നിച്ച് പരസ്പരസ്നേഹത്തോടെ ബഹുമാനത്തോടും സമാധാന ത്തോടുംകൂടി സ്വാർത്ഥരഹിതമായി നമ്മുടെ മാതൃഭൂമിയെ സേവിച്ചുകൊണ്ട് ജീവിക്കണം. നാം ദുഃഖത്തിലും സുഖത്തിലും പങ്കാളികളായിരിക്കണം. നാം ഭാരതത്തെ അറിയുകയും ബഹുമാനിക്കുകയും ചെയ്യണം. ദേശീയ ഐക്യത്തെ സംബന്ധിച്ച സംഘത്തിന്റെ വീക്ഷണം ഇതാണ്. ഇതിൽ സംഘത്തിന് മറ്റെന്തെങ്കിലും പ്രേരണയോ നിക്ഷിപ്തതാത്പര്യമോ ഇല്ല.

## വ്യത്യസ്തരെന്ന മനോഭാവം വേറിടലിനിടയാക്കുന്നു

അടുത്തിടയ്ക്ക് ഉദയ്പൂരിലും മറ്റ് ചില സ്ഥലങ്ങളിലും ഭീകരവും നിന്ദ്യവുമായ സംഭവങ്ങൾ ഉണ്ടായി.

സമൂഹം സ്തബ്ധമായി. കൂടുതലാളുകളും ദുഃഖിതരും കോപാകുലരുമായിരുന്നു. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കില്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഇത്തരം സംഭവങ്ങളുടെ മൂലകാരണമായി ഏതെങ്കിലും പ്രത്യേകസമുദായത്തെ കണക്കാക്കാനാവില്ല. ഉദയ്പൂർ സംഭവത്തിനുശേഷം മുസ്ലീം സമൂഹത്തിൽ നിന്നും ചില പ്രമുഖ വ്യക്തികൾ തങ്ങളുടെ പ്രതിഷേധം ഇതിനെതിരെ രേഖപ്പെടുത്തുകയുണ്ടായി. ഇത്തരം പ്രതിഷേധങ്ങൾ മുസ്ലീം സമൂഹത്തിലെ ഒറ്റപ്പെട്ട സംഭവങ്ങളായാൽ പോരാ. മറിച്ച് സമൂഹത്തിലെ വലിയൊരു വിഭാഗത്തിന്റേതായി മാറണം. ഇത്തരം സംഭവങ്ങളുടെ പേരിൽ ഹിന്ദുക്കൾക്കെതിരെ ആരോപണമുണ്ടാകുമ്പോൾ ഹിന്ദുസമാജത്തിലെ വലിയൊരുവിഭാഗം അതിനെതിരെ ശക്തമായ എതിർപ്പും പ്രതിഷേധവും പ്രകടിപ്പിക്കാറുണ്ട്.

പ്രകോപനത്തിന് കാരണം എന്തു തന്നെയായാലും എപ്പോഴും നിലവിലത്തെ ഭരണഘടനയ്ക്കും ഉള്ളിൽ ഒതുങ്ങിനിൽക്കുന്നതായിരിക്കണം. നമ്മുടെ സമൂഹം ഒരുമിച്ചുവരണം, ഭിന്നിച്ച് പോകരുത്. വാക്കിലും പ്രവൃത്തിയിലും പാരസ്പര്യം നിലനിർത്തി എല്ലാവരും ആലോചിച്ച് വിവേകപൂർവ്വം സംസാരിക്കണം. 'ഞങ്ങളെ കാണാൻ വ്യത്യസ്തരാണ്. അതുകൊണ്ട് ഞങ്ങൾ വേറെയാണ്, ഞങ്ങൾ വേറിടൽ ആഗ്രഹിക്കുന്നു, ഞങ്ങൾക്ക് ഇന്നാടിന്റെ ജീവിതരീതി, ആശയങ്ങൾ, തനിമ തുടങ്ങിയവ വ്യത്യ സ്തമാണ്,' ഇത്തരം ആശയങ്ങൾ മൂലം സഹോദരങ്ങൾ ഭിന്നിക്കുന്നു. ഭൂപ്രദേശം നഷ്ടമാകുന്നു. ആരാധനാകേന്ദ്രങ്ങൾ തകർക്കപ്പെടുന്നു. വിഭജനത്തിന്റെ വിഷലിപ്തമായ അനുഭവത്തിൽ ആരും സംതൃപ്തരല്ല. നാം ഭാരതീയരാണ്. അതിന്റെ ചിരന്തനസംസ്ക്കാരത്തിൽനിന്നും ഭാരതീയപൂർവ്വികരിൽനിന്നുമാണ് നാമുണ്ടായത്. നാം നമ്മുടെതന്നെ നിലയിലും രാഷ്ട്രം എന്ന നിലയിലും ഒന്നാണ്. ഇത് മാത്രമാണ് നമ്മളുടെ എകരക്ഷാകവചം.

## സ്വാതന്ത്ര്യത്തിന്റെ സാഫല്യം

നാം സ്വാതന്ത്ര്യത്തിന്റെ 75-ാം വർഷം ആഘോഷിക്കുകയാണ്. നമ്മുടെ ദേശീയ ഉണർവ്വിന്റെ ആദ്യനാളുകളിൽ സ്വാമി വിവേകാനന്ദൻ ഭാരതമാതാവിനെത്തന്നെ ആരാധ്യദേവതയാക്കി പ്രവർത്തിക്കാൻ ആഹ്വാനം ചെയ്തു. സ്വാതന്ത്ര്യം നേടിയ 1947 ആഗസ്റ്റ് 15 ന് മഹർഷി അരവിന്ദൻ ഭാരതത്തിന് ഒരു സന്ദേശം നൽകി. അന്ന് അദ്ദേഹത്തിന്റെ ജന്മദിനം കൂടിയായിരുന്നു. ആ സന്ദേശത്തിൽ അദ്ദേഹത്തിന്റെ അഞ്ച് സ്വപ്നങ്ങൾ പ്രതിപാദിച്ചിരുന്നു. ഒന്നാമത് ഭാരതത്തിന്റെ സ്വാതന്ത്ര്യവും ഐക്യവും. ഭരണഘടനാപരമായ ഒരു പദ്ധതി എന്ന നിലയിലായിരുന്നുവെങ്കിലും നാട്ടുരാജ്യങ്ങൾ ഭാരതത്തോട് ലയിച്ചതിൽ അദ്ദേഹം സന്തുഷ്ടനായിരുന്നു. എന്നാൽ അദ്ദേഹം ആശങ്കാകുലനായിരുന്നു. വിഭജനം മൂലം ഹിന്ദു-മുസ്ലീംഐക്യത്തിനുപകരം എന്നന്നേയ്ക്കുമായി ഒരു വിടവ് സൃഷ്ടിക്കപ്പെടുകയും അത് ഭാരതത്തിന്റെ ഐക്യവും വികസനവും സമാധാനവും നേടുന്നതിന് തടസ്സമാവുകയും ചെയ്തേക്കുമോ



എന്ന കാര്യത്തിൽ അദ്ദേഹം ആശങ്കാകുലനായിരുന്നു. ഏത് മാർഗത്തിലൂടെയും ഭാരതവിഭജനം ഇല്ലാതാകണമെന്നും അഖണ്ഡഭാരതം ഉണ്ടാകണമെന്നും അദ്ദേഹം ശക്തമായി ആഗ്രഹിച്ചു.

തന്റെ മറ്റ് സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിലും ഭാരതത്തിന് പ്രധാന പങ്ക് വഹിക്കാനുണ്ടെന്നത് അദ്ദേഹത്തിനറിയാമായിരുന്നു. ഏഷ്യൻ രാജ്യങ്ങളുടെ മോചനം, ലോകത്തിന്റെ ഐക്യം, ഭാരതത്തിന്റെ ആത്മീയപാരമ്പര്യം ലോകത്തിന് നൽകുക, അതിമാനവതലത്തിലേക്കുള്ള മനുഷ്യന്റെ പരിണാമം എന്നിവയായിരുന്നു അദ്ദേഹത്തിന്റെ മറ്റ് സ്വപ്നങ്ങൾ. അതുകൊണ്ട് സംക്ഷിപ്തമായ ഒരു കർമ്മപദ്ധതി അദ്ദേഹം നൽകി:- ''രാഷ്ട്രങ്ങളുടെ ചരിത്രത്തിൽ നിയതി ഒരു പ്രവർത്തനം, ലക്ഷ്യം, മുന്നോട്ടുവെയ്ക്കുമ്പോൾ, മറ്റെല്ലാം - അതെത്ര ഉന്നതവും ഉദാത്തവുമായിരുന്നാലും - ത്യജിക്കേണ്ടതായി വരും. അത്തരമൊരു സന്ദർഭം നമ്മുടെ മാതൃഭൂമിക്കും വന്നുചേർന്നിരിക്കുന്നു. അവളുടെ സേവനത്തെക്കാൾ പ്രിയങ്കരമായി ഇപ്പോൾ മറ്റൊന്നുമില്ല. മറ്റെല്ലാം അതിനായി ഉപേക്ഷിക്കണം. നിങ്ങൾ പഠിക്കുകയാണെങ്കിൽ അവൾക്കുവേണ്ടി പഠിക്കുക. ശരീരം, മനസ്സ്, ആത്മാവ് എല്ലാം അവളുടെ സേവനത്തിന്നായി സമർപ്പിക്കുക. നിങ്ങൾ വിദേശരാജ്യങ്ങളിൽ പോയി അവിടത്തെ അറിവുകൾ ഇവിടെ കൊണ്ടുവന്ന് അവളെ സേവിക്കുക. അവളുടെ ഉന്നതിക്കായി കർമ്മം ചെയ്യുക. അവളുടെ ആനന്ദ ത്തിനായി കഷ്ടപ്പെടുക.''

ഈ സന്ദേശം അന്നത്തെപ്പോലെ ഇന്നും പ്രസക്തമാണ്.

**ഗാവ് ഗാവ് മേം സജ്ജൻ ശക്തി**
**രോമ് രോമ് മേം ഭാരത് ഭക്തി**
**യഹീ വിജയ് കാ മഹാമന്ത്ര് ഹേ**
**ദസോം ദിശാ സേ കരേം പ്രയാൺ**
**ജയ് ജയ് മേരേ ദേശ് മഹാൻ**

(ഗ്രാമങ്ങൾ തോറും സജ്ജനശക്തി,
രോമകൂപങ്ങൾ തോറും ഭാരതഭക്തി
ഇതുതാനല്ലോ വിജയമഹാമന്ത്രം,
സകല ദിക്കിലും മുന്നേറാം
ജയ ജയ മമ മഹതാം ദേശം)

**ഭാരത് മാതാ കീ ജയ്**

പ്രചാർ വിഭാഗ്, രാഷ്ട്രീയ സ്വയംസേവകസംഘം കേരളം

